# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T. 2648** **02/04/2013-ൽ മറുപടിക്ക്**

**അദ്ധ്യാപകർക്ക് അനുവദിച്ചിരുന്ന ലീവ് സറണ്ടർ**

ചോദ്യം

ശ്രീ. കെ.കെ. ജയചന്ദ്രൻ

(എ) സെൻസസ് ജോലികൾക്കായി നിയോഗിക്കപ്പെട്ട അധ്യാപകർക്ക് അനുവദിച്ച ലീവ് സറണ്ടർ വെട്ടിക്കുറച്ചിട്ടുണ്ടോ;

(ബി) അധ്യാപകർക്ക് എത്ര ദിവസത്തെ ലീവ് സറണ്ടർ ആയിരുന്നു അനുവദിച്ചിരുന്നത്; ഇപ്പോൾ എത്ര ദിവസം ആണ് വെട്ടിക്കുറച്ചത്;

(സി) ലീവ് സറണ്ടർ വെട്ടിക്കുറയ്ക്കുന്നതിന് കാരണമായ സാഹചര്യം വിശദമാക്കാമോ;

ഉത്തരം

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ), (ബി) ആന്റ് (സി)

30/4/2010 തീയതിയിലെ ജി.ഒ.(എം.എസ്) 171/10/ജി.എ.ഡി പ്രകാരമാണ് അദ്ധ്യാപകരെ സെൻസസ് ഡ്യൂട്ടിക്ക് നിയോഗിച്ചത്. അതുപ്രകാരം, 12.4.2010 നും 27/5/2010 നും ഇടയിലുള്ള 16 പ്രവൃത്തി ദിവസങ്ങളിലോ അല്ലെങ്കിൽ 32 അർദ്ധ പ്രവൃത്തി ദിവസങ്ങളിലോ ആണ് അദ്ധ്യാപകർ സെൻസസ് ഡ്യൂട്ടിയിൽ ഏർപ്പെടേണ്ടത്. വെക്കേഷൻ കാലയളവിൽ 16 പ്രവൃത്തി ദിവസങ്ങളിൽ ഡ്യൂട്ടിയിൽ ഏർപ്പെടുന്ന അദ്ധ്യാപകർക്ക് കെ.എസ്.ആർ. റൂൾ 81, ഭാഗം ഒന്ന് പ്രകാരം 8 ദിവസത്തെ സറണ്ടറിന് മാത്രമേ അർഹതയുള്ളൂ. എന്നാൽ മേൽ ഉത്തരവിന് വിരുദ്ധമായി സെൻസസ് ഡ്യൂട്ടിയുടെ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥൻ നൽകിയ 48 ദിവസത്തെ ഡ്യൂട്ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകർ 24 ദിവസത്തെ സറണ്ടർ ആനുകൂല്യം വരെ വാങ്ങിയെടുത്തു. ചട്ടവിരുദ്ധമായി കൈപ്പറ്റിയ അധിക ആനുകൂല്യം തിരിച്ചടക്കുവാനുള്ള നടപടികൾ മാത്രമേ സ്വീകരിച്ചിട്ടുള്ളൂ; ലീവ് സറണ്ടർ വെട്ടിക്കുറച്ചിട്ടില്ല.

| | |
|---|---|
| (ഡി) സംസ്ഥാനമൊട്ടാകെ എത്ര അധ്യാപകരെയാണ് സെൻസസ് ജോലികൾക്ക് നിയോഗിക്കപ്പെട്ടിരുന്നത്; ലീവ് സറണ്ടർ വെട്ടിക്കുറച്ചതിനാൽ ഒരാൾ ശരാശരി എത്ര രൂപ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതായിവരും? | (ഡി) വിവരം ശേഖരിച്ച് വരുന്നു. |

Sreedevi

**സെക്ഷൻ ഓഫീസർ**